സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകൾ

16 [3529] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ നിയന്ത്രണത്തിൽ കേരളത്തിൽ എത്ര വ്യവസായ എസ്റ്റേറ്റുകൾ ഉണ്ട്;

(ബി) ഈ വ്യവസായ എസ്റ്റേറ്റുകൾ വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മൊത്തം എന്തു തുകയ്ക്ക് ഏതു വർഷം വിൽക്കാൻ തീരുമാനിച്ചു;

(ഡി) ഓരോ സ്ഥാപനവും വിൽക്കുന്നതിന്റെ റേറ്റ് ആരാണ് നിശ്ചയിച്ചത്;

(ഇ) ഓരോ സ്ഥാപനത്തിന്റേയും ഷെഡ്ഡുകളുടേയും വസ്തുവിന്റേയും മാർക്കറ്റ് വിലയും സിഡ്കോ വിൽക്കാൻ തീരുമാനിച്ച റേറ്റും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(എഫ്) ഇപ്പോൾ ഇതു സംബന്ധിച്ചുള്ള അന്തിമ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലിരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സിഡ്കോയുടെ നിയന്ത്രണത്തിൽ കേരളത്തിൽ 17 വ്യവസായ എസ്റ്റേറ്റുകൾ ഉണ്ട്.

(ബി) വർഷങ്ങളായി വാടകയ്ക്ക് ഷെഡ്ഡുകളിൽ വ്യവസായം നടത്തിയിരുന്ന വ്യവസായികൾക്ക് സ്ഥലവിലയും മറ്റും അടച്ച് പട്ടയം വാങ്ങുവാൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) & (ഡി) 27-1-2003-ലെ സ.ഉ. (കൈയെഴുത്ത്) നം. 14/03/വ്യവ., 2-5-2005-ലെ സ.ഉ. (കൈയെഴുത്ത്) നം. 41/05/വ്യവ. എന്നിവ പ്രകാരം അന്തിമ വില നിജപ്പെടുത്തുന്ന നടപടി സിഡ്കോ സ്വീകരിച്ചു വരുന്നു. 2/96 മുതൽ അപേക്ഷിക്കുന്നവർക്ക് ജില്ലാ അധികാരി നിശ്ചയിച്ചു തരുന്ന റവന്യൂ വിലയ്ക്കാണ് ഭൂമി നൽകുന്നത്. ഉത്തരവുകളുടെ കോപ്പി വെയ്ക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) & (എഫ്) ഓരോ യൂണിറ്റിനും വരുന്ന തുക നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സിഡ്കോ സ്വീകരിച്ചുവരുന്നത് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്.

ടി.ഡി.പി. പ്ലാന്റിന്റെ പ്രവർത്തനത്തിൽവന്ന വീഴ്ചമൂലമുണ്ടായ നഷ്ടം

17 [3531] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എം.എൽ.-ലെ ടി.ഡി.പി. പ്ലാന്റുമായി ബന്ധപ്പെട്ടവരുടെ പ്രവർത്തനത്തിൽവന്ന വീഴ്ചമൂലം സംസ്ഥാനത്തിന് 358.59 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി 2003-2004 വർഷത്തെ സി ആന്റ് എ. ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ വീഴ്ചവരുത്തിയത് ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) സംഭവിച്ച വീഴ്ചകൾ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ ഒരു വിജിലൻസ് അന്വേഷണം നടത്താൻ സർക്കാരിന് ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) പ്രസ്തുത റിപ്പോർട്ട് വ്യവസായവകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) & (സി) റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ പരിശോധിക്കുന്നതാണ്.

ഇൻഫോപാർക്കിലെ വിദേശമൂലധനമുടക്കുള്ള യൂണിറ്റുകൾ

18 [3532] *ശ്രീ. പി. ജെ. ജോയി:*
,, *വി. ഡി. സതീശൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ഇൻഫോപാർക്കിൽ എത്ര യൂണിറ്റുകൾ ആരംഭിക്കാനുള്ള സൗകര്യമുണ്ട്;

(ബി) അവിടെ എത്ര യൂണിറ്റുകൾ തുടങ്ങാനുള്ള നടപടികളായി;

(സി) ഇവയിൽ വിദേശമൂലധനമുടക്കുള്ള എത്ര യൂണിറ്റുകൾ പെടുമെന്ന് വ്യക്തമാക്കാമോ;

(ഡി) അവിടെ ആരംഭിക്കുവാൻ നടപടി സ്വീകരിച്ച യൂണിറ്റുകളിൽ ഒട്ടാകെ എന്തു തുകയ്ക്കുള്ള മുതൽമുടക്ക് നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly